**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**<u>നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.6850</u>** **<u>10-07-2014 - ൽ മറുപടിയ്ക്ക്</u>**

**<u>ചാലക്കുടി മണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി: | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ചാലക്കുടി മണ്ഡലത്തിൽ 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതി പ്രകാരം ഏതെല്ലാം കുളങ്ങളുടെ നവീകരണത്തിനായി അനുമതി നൽകിയിട്ടുണ്ടെന്നും അവയുടെ പ്രവൃത്തികൾ ഏതുഘട്ടത്തിലാണെന്നും അറിയിക്കാമോ; | (എ) ചാലക്കുടി നിയോജക മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം 7 കുളങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു:<br><br>1.പോലീസ് ക്വാർട്ടേഴ്സ് കോമ്പൗണ്ട് കുളം (ചാലക്കുടി മുൻസിപ്പാലിറ്റി) 25 ലക്ഷം - പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.<br>2.താണ്ടുചിറ (മേലൂർ പഞ്ചായത്ത്) 35 ലക്ഷം - പ്രവൃത്തി റീടെണ്ടർ നടത്തിയിട്ടുണ്ട്.<br>3.അറേങ്ങാലി വടക്കേച്ചാൽ കുളം (കാടുകുറ്റി പഞ്ചായത്ത്) 35 ലക്ഷം - എം.എൽ.എയുടെ നിർദ്ദേശ പ്രകാരം ഈ കുളത്തിന് പകരംപതിയാം കുളം നവീകരണം എന്ന പദ്ധതിക്ക് ഭരണാനു മതി നൽകിയിട്ടുണ്ട്.<br>4.വാളുങ്ങാമുറി കൊറ്റംചിറ കുളം (കൊരട്ടി പഞ്ചായത്ത്) 65 ലക്ഷം - റീടെണ്ടർ നടത്തിയിട്ടുണ്ട്.<br>5.ആലപ്പിള്ളി കുളം (ചാലക്കുടി മുൻസിപ്പാലിറ്റി) 40 ലക്ഷം -പുതിയ ഷെഡ്യൂൾ-ഓഫ് റേറ്റ് പ്രകാരം സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ നടന്നു വരുന്നു.<br>6.പുലിപ്പാറക്കുന്ന് തോട്ടചിറ (കൊടകര പഞ്ചായത്ത്) 30 ലക്ഷം - പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.<br>7.എരിയേരികുളം(കാരപ്പാടം) - 28 ലക്ഷം- റീടെണ്ടർ നടത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിനും എം.എൽ.എമാരുടെ നിർദ്ദേശ പ്രകാരം കൂടുതൽ കുളങ്ങൾ കെട്ടിസംരക്ഷിച്ച് നവീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ബി) പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ നടന്നു വരുന്നു. കൂടുതൽ കുളങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിശോധിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**